(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അല്ല. ചില ക്ലാസുകളിൽ വ്യത്യാസമുണ്ടു്.

(ബി) ഒരു സാമാന്യമായ പാഠപദ്ധതി തിരുവിതാംകൂർ വിഭാഗത്തിലേയ്ക്കും കൊച്ചി വിഭാഗത്തിലേക്കും നടപ്പിൽ വരുത്തുന്നതുവരെ ഈ വ്യത്യാസം നിലനിൽക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ നടപ്പിൽ വരുത്തുന്നതിനു് വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചില ക്ലാസുകളിൽ നടപ്പിലാക്കിയിട്ടുണ്ടു്. മറ്റു ക്ലാസുകളുടെ കാര്യങ്ങൾക്കു് രണ്ടു മൂന്നു കമ്മിറ്റികൾ നിയമിച്ചിട്ടുണ്ടു്. അവരുടെ തീരുമാനം കുറച്ചു ദിവസത്തിനകം ഉണ്ടാകും.

ശ്രീ. എ. താണുപിള്ള: ഏതെല്ലാം ക്ലാസുകളിലെ സിലബസ് ഒന്നാക്കിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫോർത്തു ഫാറത്തിലേയും ഫിഫ്ത്തു ഫാറത്തിലേയും. ബാക്കി ക്ലാസുകളിലെ സിലബസ് ഏകീകരിച്ചു വരുന്നേയുള്ളൂ.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സംയോജനത്തിനു് ശേഷവും തിരുവിതാംകൂറിലും കൊച്ചിയിലും പഠിപ്പിക്കുന്ന ഭൂമിശാസ്ത്രവും ചരിത്രവും പ്രത്യേകമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില നിശ്ചിത പാഠപുസ്തകങ്ങൾ അനുസരിച്ചാണു് പഠിപ്പിക്കുന്നതു്.

ശ്രീ എ. താണുപിള്ള: തിരുവിതാംകൂറും കൊച്ചിയും ഒരുമിച്ചു ചേർത്തുള്ള ഭൂപടങ്ങൾ തയാറാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: അതു് വിലയ്ക്കു കിട്ടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിലയ്ക്കു കിട്ടും.

കൊച്ചിയിലെ കോളേജുകൾ

†*൪൦൦. (൧൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മൻപു് കൊച്ചിയിലെ കോളേജുകൾ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റു ചെയ്യുന്നതിനു വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(ബി) സംയോജനത്തിനുശേഷം വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉവ്വു്.

(ബി) ഉവ്വു്.

†Answer to this question was laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly